(1)

**ഭരണഭാഷ- മാതൃഭാഷ**

**സർക്കാർ പോളിടെക്നിക്ക് കോളേജ്-നെടുമങ്ങാട്-695541**

ഇ-മെയിൽ-gptcnedumangad@gmial.com

ഫോൺ നമ്പർ-0472-2802686

**GPCNDD/214/2026-A6** **23-05-2026**

## ക്വട്ടേഷൻ നോട്ടീസ് -1/2026-27

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കും ജീവനക്കാർക്കും വേണ്ടി 2026-27 അക്കാദമിക് വർഷം 31.03.2027 വരെ ക്യാൻറീൻ നടത്തുവാൻ താല്പര്യമുള്ള പ്രവൃത്തിപരിചയമുള്ള വ്യക്തികളിൽ /സ്ഥാപനങ്ങളിൽ/കുടുംബശ്രീ യൂണിറ്റ് നിന്നും അനുബന്ധമായി ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്യാൻറീൻ പ്രവർത്തിപ്പിക്കുന്നതിന് മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

**ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും - 30/05/2026 ഉച്ചക്ക് 03.00 മണിവരെ.**

**ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും - 01/06/2026 രാവിലെ 11.00 മണി.**

താഴെ പറയുന്ന ഭക്ഷ്യ വസ്തുക്കളുടെയും, പാനീയങ്ങളുടെയും തൂക്കവും,വിലയും പ്രത്യേകം രേഖപ്പെടുത്തി വേണം ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. കുറഞ്ഞത് 1(ഒന്ന്) രൂപയുടെ ഗുണിതങ്ങളായി വേണംവിലകൾ രേഖപ്പെടുത്തേണ്ടത്.സാധനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | അളവ് മില്ലി/ഗ്രാം |
|---|---|---|
| 1 | ചായ, കാപ്പി, പാൽ, കട്ടൻ ചായ | 150 മി.ല്ലി |
| 2 | ഉഴുന്നുവട, പഴംപൊരി, പരിപ്പുവട, മോദകം, ഉണ്ണിയപ്പം, ഉള്ളിവട ,ഇലയട,കൊഴുക്കട്ട,കട്ലറ്റ്(ചിക്കൻ/വെജിറ്റബിൾ),സമൂസ,അവിൽ നനച്ചത് | 60 ഗ്രാം |
| 3 | ഉപ്പുമാവ് | 150 ഗ്രാം |
| | ദോശ ഇഡ്ഡലി,പുട്ട്, വെള്ളയപ്പം | |

| | | |
|---|---|---|
| 4 | ചമ്മന്തി/സാമ്പാർ | 60 ഗ്രാം |
| 5 | പൂരി (3 എണ്ണം), മസാല | 200 ഗ്രാം |
| 6 | ബറോട്ട, ചപ്പാത്തി, പത്തിരി | 80 ഗ്രാം |
| 7 | ഊണ്, (സാമ്പാർ, അവിയൽ, തോരൻ, മോര്, രസം, അച്ചാർ, പപ്പടം) | 500 ഗ്രാം |
| 8 | വെജിറ്റബിൾ കറി, തക്കാളി കറി, കടലക്കറി | 100 ഗ്രാം |
| 9 | മുട്ട കറി | 100 ഗ്രാം |
| 10 | കപ്പ | 200 ഗ്രാം |
| 11 | മീൻ കറി | 60 ഗ്രാം |
| 12 | മീൻ വറുത്തത് | 50 ഗ്രാം |
| 13 | ചിക്കൻ കറി | 200 ഗ്രാം |
| 14 | ചിക്കൻ ബിരിയാണി | 400 ഗ്രാം |
| 15 | ബീഫ് കറി | 150 ഗ്രാം |
| 16 | ബീഫ് ബിരിയാണി | 400 ഗ്രാം |
| 17 | പാനീയങ്ങൾ- ലൈം ജൂസ്, വെജിറ്റബിൾ/ഫ്രൂട്ട് ജൂസ് | 250 മി.ല്ലി |

മേൽ പറഞ്ഞ വിഭവങ്ങൾ മികച്ച ഗുണനിലവാരത്തിൽ ഏറ്റവും കുറഞ്ഞ വിലയ്ക്ക് നൽകുവാൻ തയ്യാറുള്ള വ്യക്തിക്ക്/സ്ഥാപനത്തിന്/കുടുംബശ്രീ അംഗങ്ങൾക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽ കുന്നതായിരിക്കും. ക്വട്ടേഷൻ ഉറപ്പിച്ചു ലഭിക്കുന്ന വ്യക്തി/സ്ഥാപനം 2 2 0 / - രൂപ വിലയുള്ള കേരള മുദ്രപത്രത്തിൽ നിയമാനുസൃതം കരാറിൽ ഏർപ്പെടേണ്ടതാണ്. ക്യാൻറീൻ നടത്തിപ്പിനുള്ള അവകാശം ഉറപ്പിച്ചു ലഭിക്കുന്ന വ്യക്തി/സ്ഥാപനം 31.03.2027 വരെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ക്യാൻറീൻ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതാണ്. ഭക്ഷണ വിഭവങ്ങളുടെ വില വിവര പട്ടികയും കാരാറുകാരൻറെ ഫോൺ നമ്പറും വ്യക്തമായി കാണത്തക്ക

വിധം ക്യാൻറീനിൽ പ്രദർശിപ്പിച്ചിരിക്കണം.

ക്വട്ടേഷൻ ഉറപ്പിച്ചു കിട്ടുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ക്യാൻറീൻ പ്രവർത്തിക്കുന്നതിനുള്ള സ്ഥല സൗകര്യം, ഫർണിച്ചർ എന്നിവ ഈ സ്ഥാപനത്തിൽ നിന്നും നൽകുന്നതായിരിക്കും വെള്ളക്കരം, വൈദ്യുതിചാർജ്ജ് തുടങ്ങിയ തുകകൾ ഉൾപ്പെട്ട വാടക തുക ഓരോ മാസവും 10-ആം തീയതിക്ക് മുൻപായി ഓഫീസിൽ ഒടുക്കേണ്ടതും, പ്രിൻസിപ്പാളിൻറെ പേരിൽ എടുത്ത് 7000/- (ഏഴായിരം രൂപാ മാത്രം) രൂപയുടെ ഡിമാൻ്റ് ഡ്രാഫ്റ്റ്/ട്രഷറി ഡെപ്പോസിറ്റ് കരുതൽ ധനമായി മുൻകൂർ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന കവറിന് പുറത്ത് "ക്യാൻറീൻ നടത്തിപ്പിനുള്ള ക്വട്ടേഷൻ 01/2026-27" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക ന്യായമല്ലെന്ന് തോന്നുന്ന പക്ഷം ക്വട്ടേഷൻ ഉറപ്പിച്ചു നൽകുന്നതല്ല. ക്വട്ടേഷൻ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും അന്തിമമായി പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.

നിബന്ധനകൾ :-

1.കരാർ കാലയളവിൽ, ശനിയാഴ്ച ഉൾപ്പടെയുള്ള എല്ലാ പ്രവൃത്തി ദിവസങ്ങളിലും ക്യാൻറീൻ തുറന്ന് പ്രവർത്തിക്കേണ്ടതാണ്.

2.വിതരണം ചെയ്യുന്ന ഭക്ഷണ വിഭവങ്ങളുടെ വില നിലവാരം വ്യക്തമായി പ്രസിദ്ധീകരിക്കേണ്ടതാണ്.

3.നിശ്ചിത അളവിലും തൂക്കത്തിലുമായിരിക്കണം ഭക്ഷണ പദാർത്ഥങ്ങൾ വൃത്തിയായി തയ്യാറാക്കി നൽകേണ്ടത്.

4.പാചകാവശ്യങ്ങൾക്കായി എൽ.പി.ജി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

5.ക്യാൻറീൻ കെട്ടിടം, ഫർണിച്ചർ എന്നിവയുടെ സമ്പൂർണ്ണ സുരക്ഷ കരാറുകാരനിൽ നിഷിപ്ത മായിരിക്കും. ക്യാൻറീൻ കമ്മിറ്റി കരാറുകാർക്ക് കൈമാറുന്ന ഫർണിച്ചർ, പാത്രങ്ങൾ,എന്നിവയുടെ പട്ടിക കരാറുകാർ സൂക്ഷിക്കേണ്ടതും കരാർ കാലാവധി കഴിയുമ്പോൾ അവ യഥാവിധം തിരികെ ഏൽപ്പിക്കേണ്ടതാണ്.

6.ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകുന്ന ലൈസൻസ് ഉള്ളവർ ആയിരിക്കണം. ഭക്ഷ്യസുരക്ഷാ വകുപ്പ് കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഭക്ഷ്യ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

7.ക്യാൻറീൻ ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഹെൽത്ത് കാർഡ് നിർബന്ധമാണ്.

8.കരാർ ഉറപ്പിക്കുന്നതിന് മുൻപ് കരാറുകാരനുമായി കൂടി കാഴ്ച ഉണ്ടായിരിക്കുന്നതാണ് .

Manjusha T T

PRINCIPAL, GPTC

Digitally signed by
Manjusha T T
Date: 23-05-2026
12:22:03

പകർപ്പ്:

1. കോളേജ് നോട്ടീസ് ബോർഡ്/വെബ് സൈറ്റ്-പ്രസിദ്ധീകരിക്കുന്നതിന്.
2. വിവിധ സർക്കാർ / അർദ്ധ സർക്കാർ /സഹകരണ സ്ഥാപനങ്ങൾ - നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്.
3. ഓഫീസ് കോപ്പി / കരുതൽ ഫയൽ.

GOVERNMENT POLYTECHNIC COLLEGE
[illegible]